# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : * 178 — 08.12.2014-ൽ മറുപടിക്ക്.

## അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തടയാൻ നിയമനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത് തടയാൻ കാലോചിതമായ നിയമനിർമ്മാണത്തിന് തയ്യാറാകുമോ; | : (എ) ഇതു സംബന്ധിച്ച് നിയമം കൊണ്ടു വരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ഇതുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമവ്യവസ്ഥകളും അതിന്റെ നടത്തിപ്പും വിശദമാക്കാമോ; | : (ബി) അന്ധവിശ്വാസങ്ങളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ The Drugs and Magical Remedies (Objectionable Advertisement) Act 1954 പ്രകാരവും, IPC 420, 508 പ്രകാരവും കേരള പോലീസ് ആക്ട് പ്രകാരവും നിയമ നടപടി സ്വീകരിക്കുന്നുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയോ പരാതികൾ ലഭിക്കുകയോ ചെയ്താൽ നിലവിലുള്ള നിയമപ്രകാരം കർശന നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഭാഗമായുള്ള പരിപാടികളിൽ നിന്നും ഔദ്യോഗിക സംവിധാനങ്ങൾ വിട്ടുനിൽക്കണമെന്ന് നിർബന്ധിക്കുമോ; ഇത്തരം പരിപാടികളിൽ നിന്ന് മന്ത്രിമാർ വിട്ടുനിൽക്കാൻ നടപടി സ്വീകരിക്കുമോ? | : (സി) ) അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഭാഗമായുള്ള പരിപാടികളിൽ ഔദ്യോഗിക സംവിധാനങ്ങളോ, മന്ത്രിമാരോ പങ്കെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ